"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമ പഞ്ചായത്തിൽ ശ്മശാന നിർമ്മാണത്തിനായി പഞ്ചായത്ത് വാങ്ങിയ ഭൂമിയിൽ നിന്നും 30 സെന്റ് ഭൂമി ഉപയോഗപ്പെടുത്തി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.290/2025/LSGD തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:- (1) കൊന്നത്തടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.08.2023-ലെ തീരുമാനം നമ്പർ 1.

(2) കൊന്നത്തടി ഗ്രാമ പഞ്ചായത്ത് വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിച്ച 22.10.2024-ലെ കത്ത്

(3) തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി ജോയിന്റ് ഡയറക്ടറുടെ 15.01.2025-ലെ LSGD/JD/IDK/4556/2024-A6 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന് സ്വന്തമായി വേറെ സ്ഥലവും, റവന്യൂ സ്ഥലവും വില്ലേജിൽ ഇല്ലാത്തതിനാൽ, പൂതാളി മാങ്ങാപ്പാറ ഭാഗത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1 ഏക്കർ സ്ഥലത്തുനിന്നും 50 സെന്റ് സ്ഥലം എം.സി.എഫ് നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ച് കൊണ്ട് പരാമർശം (1) പ്രകാരം കൊന്നത്തടി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു.

(2) കൊന്നത്തടി ഗ്രാമ പഞ്ചായത്തിലെ പൊതു ശ്മശാനത്തിനായി വാങ്ങിയ 1 ഏക്കർ ഭൂമിയിൽ നിന്നും എം.സി.എഫ് കെട്ടിടത്തിന് 50 സെന്റ് സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കൊന്നത്തടി ഗ്രാമപഞ്ചായത്ത് വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(3) കൊന്നത്തടി ഗ്രാമ പഞ്ചായത്തിൽ 2024-25 വാർഷിക പദ്ധതിയിൽ എം.സി.എഫ് നിർമ്മാണവുമായി ബന്ധപ്പെട്ട്, (i) എം.സി.എഫ് നിർമ്മാണം ഫേസ് 1 (ii) എം.സി.എഫ്. പൂർത്തീകരണം (iii) എം.സി.എഫ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നീ 3

പദ്ധതികളാണ് ഏറ്റെടുത്തിട്ടുണ്ടെന്നും ഇവയിൽ എം.സി.എഫ് നിർമ്മാണം ഫേസ് 1 എന്ന പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയാണ് കെട്ടിടം നിർമ്മിക്കുന്നതെന്നും കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമികളോ പുറമ്പോക്കുകളോ ലഭ്യമല്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതു ശ്മശാനത്തിന് വേണ്ടിയുള്ള ഭൂമിയിൽ നിന്നും 30 സെന്റ് ഭൂമിയിൽ എം.സി.എഫ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പദ്ധതികൾ പഞ്ചായത്ത് ഏറ്റെടുക്കുകയും ചെയ്തുവെന്നും, 10.08.23-ലെ 1 (2) നമ്പർ കമ്മിറ്റി തീരുമാനത്തിൽ പഞ്ചായത്ത് ശ്മശാനത്തിന് 1 ഏക്കർ ഭൂമി ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ മാരത്താനം ശവപ്പറമ്പ് എന്ന പേരിൽ 20 ആർ 24 സ്ക്വ.മീ. സ്ഥലമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും മേൽ പറഞ്ഞ പദ്ധതികൾക്ക് വേണ്ടി സർവ്വെയർ സർവ്വെ ചെയ്ത് തയ്യാറാക്കിയ സ്കെച്ച് പ്രകാരം 49.740 cents ആണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആസ്തി രജിസ്റ്ററും ടി സർവ്വെയിലെ അളവും തമ്മിൽ കാണുന്ന നേരിയ വ്യത്യാസം ടി പ്ലോട്ടിന്റെ ചുറ്റും കരിങ്കല്ലിൽ നിർമ്മിച്ചിട്ടുള്ള മതിലിന്റെ അളവ് ഒഴിവാക്കിയതിനാലാണെന്നും പഞ്ചായത്ത് തീരുമാനത്തിൽ പറഞ്ഞിരിക്കുന്ന ശ്മശാനത്തിന് 1 ഏക്കർ ഭൂമി ഇല്ല എന്നും ആസ്തി രജിസ്റ്റർ പ്രകാരമുള്ള 20 ആർ 24 സ്ക്വ.മീ. ഭൂമിയെ ഉള്ളു എന്നും ബോധ്യപ്പെട്ടിട്ടുള്ളതായി ഇന്റേർണൽ വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജോയിന്റ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിരുന്നു.

(4) ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആധുനിക ഗ്യാസ് / ഇലക്ട്രിക്കൽ ക്രിമറ്റോറിയങ്ങളാണ് സ്ഥാപിച്ച് വരുന്നത് എന്നും ആയതിന് മിനിമം 20 സെന്റ് സ്ഥലമേ ആവശ്യമുള്ളുവെന്നും ആയതിനാൽ എം.സി.എഫ്. നിർമ്മിക്കുന്നതിന് പഞ്ചായത്തിന് മറ്റ് സ്ഥലങ്ങൾ ഒന്നും ലഭ്യമല്ലാത്തതിനാൽ നിലവിലുള്ള ശ്മശാനത്തിനായി വാങ്ങിയ ഭൂമിയിൽ നിന്നും ആധുനിക ശ്മശാനം നിർമ്മിക്കുന്നതിനാവശ്യമായ 20 സെന്റ് ഭൂമി നില നിർത്തിക്കൊണ്ട് ബാക്കി ഭൂമിയിൽ എം.സി.എഫ് നിർമ്മിക്കുന്നതിന് അനുവാദം നൽകാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി ജോയിന്റ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ ഉൾപ്പെടെ സംസ്ഥാനത്ത് നടന്നുവരുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും തരം തിരിക്കലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ് ) അനിവാര്യമാണ് എന്ന സാഹചര്യത്തിലും ഇടുക്കി ജില്ലയിലെ കൊന്നത്തടി

ഗ്രാമപഞ്ചായത്തിന് എം.സി.എഫ് നിർമ്മാണത്തിന് ഉപയോഗിക്കാവുന്ന വേറെ ഭൂമി ലഭ്യമല്ലെന്ന് അറിയിച്ച സാഹചര്യത്തിലും ഗ്യാസ് ക്രിമറ്റോറിയം അടക്കമുള്ളവക്ക് ബാക്കി സ്ഥലം പര്യാപ്തമാണെന്നറിയിച്ചതിനാലും പൊതു ശ്മശാനത്തിനായി വാങ്ങിയ സ്ഥലത്തിൽ നിന്നും 30 സെന്റ് ഉപയോഗപ്പെടുത്തി എം.സി.എഫ് നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ക്രിമറ്റോറിയം കൂടി നിർമ്മിക്കുന്നതിനുള്ള നടപടി കൊന്നത്തടി ഗ്രാമപഞ്ചായത്ത് അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.

സെക്രട്ടറി, കൊന്നത്തടി ഗ്രാമപഞ്ചായത്ത്,ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 30-01-2025 16:10:40
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.ക്ക്